പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1653 — 17.06.2013-ൽ മറുപടിയ്ക്ക്

**എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റർ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.വർക്കല കഹാർ | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്റർ രൂപീകരിച്ചിട്ടുണ്ടോ ; | | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് എന്ന് വിശദീകരിക്കുമോ ; | | (ബി) കേരളത്തിലെ ഏറ്റവും മികച്ച പ്രതിഭയുള്ള അത്‌ലറ്റുകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക്സ് എന്നീ മത്സരങ്ങളിൽ മെഡൽ സാധ്യത ഉയർത്തുന്ന് രീതിയിൽ വളർത്തി എടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഈ പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് എൽ.എൻ.സി.പി.ഇ കാര്യവട്ടം ക്യാമ്പസിൽ പരിശീലനം നൽകി വരുന്നു. മികച്ച പരിശീലകരുടെ സേവനം ഇവർക്ക് ലഭ്യമാണ്. |
| (സി) തിരഞ്ഞെടുത്ത ഇനങ്ങളിൽ പ്രതിഭയുള്ള കായികതാരങ്ങളെ രാജ്യാന്തര നിലവാരത്തിലേക്ക് പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് സെന്ററിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | | (സി) വിദേശപരിശീലകന്റെ സേവനം ഉൾപ്പെടെ ഏറ്റവും ആധുനികമായ അന്തർദ്ദേശീയ നിലവാരത്തിലുള്ള കായികസൗകര്യങ്ങളും, പരിശീലനവും മറ്റ് ഉന്നതനിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും ഈ പദ്ധതിയിൽ കായികതാരങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) ഇതിനായി എന്തെല്ലാം ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കുമോ ? | | (ഡി) 11 കായികതാരങ്ങളെ തിരഞ്ഞെടുത്ത് അവർക്ക് എൽ.എൻ.സി.പി.ഇ കാര്യവട്ടം പരിശീലന സെന്ററിൽ പരിശീലനം നൽകിവരുന്നു. താമസം, മികച്ച രീതിയിലുള്ള ഭക്ഷണം, പരിശീലനത്തിനാവശ്യമായ കായിക ഉപകരണങ്ങൾ, മികച്ച പരിശീലകരുടെ സേവനം എന്നിവ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകി വരുന്നു. ഈ കായികതാരങ്ങളുടെ വിദ്യാഭ്യാസത്തിനും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മേൽനോട്ടം വഹിക്കുന്നു. |

സെക്ഷൻ ഓഫീസർ